**Urgent**

**സന്ദേശം**

| | | |
|---|---|---|
| TO | : | **എല്ലാ ഓഫീസർമാർക്കും** |
| INFO | : | |
| FROM | : | **ജില്ലാ പോലീസ് മേധാവി**<br>ഇടുക്കി |

## No. F1(a)-15314/2017/ID Dt 10-08-2017

വളരെ അടിയന്തിരം (.) കേരള ഭക്ഷ്യ പൊതുഭരണ വകുപ്പ് പ്രസിദ്ധീകരിച്ച മുൻഗണന വിഭാഗങ്ങളുടെ ലിസ്റ്റിൽ നിരവധി അനർഹർ കടന്നു കൂടിയതായി കണ്ടെത്തിയതിനെ തുടർന്നു, 2017 ആഗസ്റ്റ് മാസം ഇരുപതാം തീയതിക്ക് മുൻപായി സർക്കാർ ജീവനക്കാർ തങ്ങളുടെ റേഷൻ കാർഡുകൾ അവർ ജോലി ചെയ്യുന്ന ഓഫിസിലെ ഡി.ഡി.ഓ. മുൻപാകെ പരിശോധനയ്ക്കായി ഹാജരാക്കണമെന്ന് കേരള സർക്കാർ 5/8/2017 തീയതിയിലെ സർക്കുലർ മുഖേനെ ഉത്തരവായിട്ടുള്ളതാണ് (.) ഈ സാഹചര്യത്തിൽ ജില്ലയിലെ എല്ലാ പോലീസ് ഉദ്യോഗസ്ഥരും തങ്ങളുടെ റേഷൻ കാർഡുകൾ അവരവർ ജോലി ചെയ്യുന്ന ഓഫിസുകൾ ഉൾപ്പെടുന്ന സർക്കിൾ ഓഫീസിലെ പോലീസ് ഇൻസ്പെക്ടർ മുൻപാകെ ഹാജരാക്കേണ്ടതാണ്. പോലീസ് ഇൻസ്പെക്ടർമാർ ടി റേഷൻ കാർഡുകൾ പരിശോധിച്ച ശേഷം പ്രസ്തുത റേഷൻ കാർഡിൻറെ ഉടമ മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടിട്ടില്ല എന്നു വ്യക്തമാക്കികൊണ്ടുള്ള സാക്ഷ്യപത്രവും, റേഷൻ കാർഡിന്റെ പകർപ്പും ആഗസ്റ്റ് മാസം പതിനാറാം തീയതി 5 .00 മണിക്ക് മുൻപായി ഈ ഓഫിസിൽ എത്തിക്കേണ്ടതാണ് (.) സർക്കുലറിൽ പറയുന്ന കാര്യങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്. സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു. മിനിസ്റ്റീരിയൽ ജീവനക്കാർ ജില്ലാ പോലീസ് ഓഫിസിലെ അക്കൗണ്ട്സ് ഓഫിസർ മുൻപാകെ റേഷൻ കാർഡ് ഹാജരാക്കേണ്ടതാണ്.റേഷൻ കാർഡ് ഇല്ലാത്തവർ/ റേഷൻ കാർഡിൽ പേരില്ലാത്തവർ എന്നിവർ പഴയ റേഷൻ കാർഡിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ് (.) നിർദ്ദേശപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള പ്രസ്തുത രേഖകൾ ഹാജരാക്കാത്തവരുടെ ശംബളം തടഞ്ഞുവയ്ക്കുന്നതായിരിക്കും (.)

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്**
For District Police Chief

**കേരള സർക്കാർ**
**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

നം.ഭ.പൊ.വി.വ-ബി3/258/2017- ഭ.പൊ.വി.വ

തിരുവനന്തപുരം,
തീയതി :05.08.17

## സർക്കുലർ

വിഷയം : ഭക്ഷ്യ പൊതുവിതരണ(ബി)വകുപ്പ് - ദേശീയഭക്ഷ്യ ഭദ്രതാ നിയമം, 2013 - അനുശാസിക്കുന്ന മുൻഗണനാപട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കുന്നത്- സംബന്ധിച്ച്.

ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 അനുശാസിക്കുന്ന പ്രകാരം കേരള സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പുതിയ റേഷൻകാർഡ് വിതരണം നടത്തി വരികയാണ്. മുൻഗണനാ പട്ടികയിൽ നിരവധി അനർഹർ കടന്നു കൂടിയിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(1) സംസ്ഥാനത്തെ എല്ലാ സർക്കാർ / അർദ്ധസർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, യൂണിവേഴ്സിറ്റി ജീവനക്കാർ, സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർ, ദേശസാൽകൃത / ഷെഡ്യൂൾഡ് ബാങ്ക് ജീവനക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകൾ, ലിമിറ്റഡ് കമ്പനികൾ എന്നിവയിലെ ജീവനക്കാർ അവരവരുടെ പേർ ഉൾപ്പെട്ട റേഷൻ കാർഡുകൾ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ മുമ്പാകെ 2017 ആഗസ്റ്റ് 20 നു മുമ്പ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. മതിയായ കാരണമില്ലാതെ റേഷൻ കാർഡ് ഹാജരാക്കാത്ത ജീവനക്കാർക്കെതിരെ വകുപ്പ് അദ്ധ്യക്ഷൻമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) ജോലിക്കാര്യം മറച്ചു വച്ചോ, അബദ്ധവശാലോ മുൻഗണനാപട്ടികയിൽ കടന്നു കൂടിയ ജീവനക്കാരുടെ വിവരം റേഷൻ കാർഡ് നമ്പർ സഹിതം ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് 2017 ആഗസ്റ്റ് 30 നു മുമ്പായി റിപ്പോർട്ടായി നൽകേണ്ടതാണ്.

(3) റേഷൻകാർഡ് സംബന്ധിച്ചും /റേഷൻ കാർഡ് ഇല്ലെങ്കിൽ അക്കാര്യം സംബന്ധിച്ചും ഉള്ള ജീവനക്കാരുടെ സത്യവാങ്മൂലം വാങ്ങി പരിശോധനയ്ക്കായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് ഡിസ്ബേഴ്സിംഗ് ഓഫീസർ നൽകേണ്ടതാണ്.

(4) സംസ്ഥാനത്ത് പെൻഷൻ / ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ റേഷൻ കാർഡുകൾ ബന്ധപ്പെട്ട ട്രഷറി / ബാങ്ക് ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും, മുൻഗണനാ പട്ടികയിൽ കടന്നുകൂടിയവരുടെ വിവരം റേഷൻ കാർഡ് നമ്പർ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സംസ്ഥാനത്ത് ഏതെങ്കിലും റേഷൻ കാർഡിൽ പേർ ഉൾപ്പെട്ടിട്ടില്ലാത്തവരിൽ നിന്നും സത്യവാങ്മൂലം ഉൾപ്പെടെ അന്വേഷണത്തിനായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നൽകേണ്ടതാണ്.

(5) സംസ്ഥാന, ജില്ലാ, പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെയും പെൻഷണർമാരുടെയും റേഷൻകാർഡുകൾ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ പരിശോധിക്കേണ്ടതും മുകളിൽ പരാമർശിച്ച പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതുമാണ് എന്ന് സഹകരണ രജിസ്ട്രാർ തന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളേയും അറിയിക്കേണ്ടതാണ്.

(6) കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും രജിസ്ട്രാർമാർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(7) എല്ലാ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്ക് അധികാരികളും, ബാങ്കിൽ നിന്ന് ശമ്പളം/പെൻഷൻ വാങ്ങുന്നവരെ ഇത് സംബന്ധിച്ച് ബോധവൽക്കരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (Audit) തിരുവനന്തപുരം
എല്ലാ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുകൾക്കും
(വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകുന്നതിനായി)
എല്ലാ വകുപ്പുതലവൻമാർക്കും
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം
രജിസ്ട്രാർ, കേരള/കൊച്ചിൻ/കാലിക്കറ്റ്/എം.ജി./കണ്ണൂർ/സംസ്കൃത/കാർഷിക/കുസാറ്റ് മലയാള/സാങ്കേതിക/ന്യൂവാൽസ്/ആരോഗ്യ/ഫിഷറീസ്/വെറ്ററിനറി സർവ്വകലാശാലകൾ
എല്ലാ പൊതുമേഖല സ്ഥാപനങ്ങളുടേയും ചെയർമാൻ/എം.ഡി.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
എം.ഡി., കെ.എസ്.ആർ.ടി.സി
എം.ഡി., കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ
രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്,തിരുവനന്തപുരം
തിരുവിതാംകൂർ/കൊച്ചി/മലബാർ/ഗുരുവായൂർ/കൂടൽമാണിക്യം ദേവസ്വം ബോർഡുകൾ
രജിസ്ട്രാർ, ഹൈക്കോർട്ട്, എറണാകുളം
റീജിയണൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ/യൂണിയൻബാങ്ക്/വിജയ ബാങ്ക്/ ഇൻഡ്യൻ ഓവർസീസ്ബാങ്ക്
അസിസ്റ്റന്റ് ഡിവിഷണൽ മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ
സീനീയർ മാനേജർ, കാനറ ബാങ്ക്
ഡിവിഷണൽ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ